മേൽ സൂചിപ്പിച്ച 3 പ്രോജക്ടുകൾക്ക് പുറമെ 'സ്വശക്തി യോജന' എന്ന പ്രോജക്ട് സംസ്ഥാന സർക്കാർ സംസ്ഥാന വിഹിതം നൽകണമെന്ന ഉറപ്പിന് വിധേയമായും ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായും കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്. ജി. എസ്. വൈ. പദ്ധതിക്ക് ലഭിച്ച കേന്ദ്ര വിഹിതവും അനുവദിച്ച സംസ്ഥാന വിഹിതവും അനുബന്ധം 1-ലും എസ്. ജി. എസ്. വൈ. സ്പെഷ്യൽ പ്രോജക്ടുകൾക്ക് ലഭിച്ച കേന്ദ്ര വിഹിതവും അനുവദിച്ച സംസ്ഥാന വിഹിതവും അനുബന്ധം 2-ലും കൊടുത്തിരിക്കുന്നു.

കുടുംബശ്രീക്ക് കേന്ദ്ര സഹായം

175 [3580] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. മോഹൻകുമാർ:
,, ലൂഡി ലൂയിസ്:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ പ്രവർത്തനത്തിന് വേണ്ടി ഇക്കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്തെല്ലാം കേന്ദ്ര സഹായം കിട്ടി;

(ബി) ഇതിൽ ഏതെങ്കിലും തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര തുകയുടെ വ്യക്തമായ കണക്ക് സമർപ്പിക്കാത്തതുമൂലം കേന്ദ്രത്തിൽ നിന്നും ഈ ഇനത്തിൽ ലഭിക്കേണ്ട തുക ലഭിക്കാതെ വന്നിട്ടുണ്ടോ?

ഉത്തരം

(എ) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കാസർഗോഡ് ജില്ലയിലെ പ്രവൃത്തികൾ

176 [3581] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. ഐ. ഡി. എഫ്. IV-ൽ ഉൾപ്പെടുത്തി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പണി പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക വീതം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും പൂർത്തീകരിച്ച പ്രവൃത്തികൾക്ക് നൽകാനുള്ള ബാക്കി തുക എന്ന് നൽകും എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ആർ. ഐ. ഡി. എഫ്. IV-ൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ കുണ്ടുകുഴി-പായം-ഉന്നുപ്പ് കല്ല് റോഡ് പ്രവൃത്തിയും (കാസർഗോഡ് ബ്ലോക്ക്) ഷിറിയ അണക്കെട്ട് റോഡ് പ്രവൃത്തിയും (മഞ്ചേശ്വരം ബ്ലോക്ക്) അനുവദിച്ചിട്ടുണ്ട്. ഇതിൽ കുണ്ടുകുഴി-പായം-ഉന്നുപ്പ് കല്ല് റോഡ്. പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി, സി & ഡി) കാസർഗോഡ് ബ്ലോക്കിൽ ആർ. ഐ. ഡി. എഫ്. IV-ൽ അനുവദിച്ച കുണ്ടുകുഴി-പായം-ഉന്നുപ്പ് കല്ല് റോഡ് പണിക്ക് 66.68 ലക്ഷം രൂപയ്ക്ക് നബാർഡ് അംഗീകാരം നൽകി. പ്രസ്തുത പ്രവൃത്തിയുടെ 83.00 ലക്ഷം രൂപയ്ക്കുള്ള കോസ്റ്റ് എസ്കലേഷൻ പ്രൊപ്പോസൽ ഫൈനൽ ക്ലെയിമിനോടൊപ്പം അംഗീകാരത്തിനായി സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ നബാർഡ് ആർ. ഐ. ഡി. എഫ്. വിഹിതമായ 60.01 ലക്ഷം രൂപ മാത്രമേ ഇതുവരെ അനുവദിച്ചിട്ടുള്ളൂ. ബാക്കി തുക അനുവദിച്ച് കിട്ടുന്നതിനായി നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്വയം സഹായ സംഘങ്ങൾ

177 [3582] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ലൂഡി ലൂയിസ്:
,, എം. എ. ചന്ദ്രശേഖരൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടുംബശ്രീ ഉൾപ്പെടെ എത്ര സ്വയം സഹായ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) സംസ്ഥാനത്തെ ബാങ്കുകൾ ഇവയ്ക്ക് ആകെ നൽകിയിട്ടുള്ള വായ്പ എത്ര;

LIBRARY ARCHIVES Kerala Legislative Assembly